# ഇ.എം.എസ്. സഹകരണ ലൈബ്രറി

## എറണാകുളം ജില്ലാ സഹകരണ ബാങ്ക് ലിമിറ്റഡ്

E.M.S. CO-OPERATIVE LIBRARY

മാവേലിപുരം, കാക്കനാട് പി.ഒ, കൊച്ചി – 682 030, ഫോൺ : 0484-2421988, E-mail : library@edcbank.com

### ഇ.എം.എസ്. സഹകരണ ലൈബ്രറി ചട്ടങ്ങൾ:-

1. **പേരും മേൽവിലാസവും:-** ഇ.എം.എസ്. സഹകരണ ലൈബ്രറി, മാവേലിപുരം, കാക്കനാട്, കൊച്ചി -30, എറണാകുളം ജില്ല
2. **പ്രവർത്തനപരിധി :-** ലൈബ്രറിയുടെ പ്രവർത്തന പരിധി എറണാകുളം റവന്യൂ ജില്ലയായിരിക്കും. എറണാകുളം റവന്യൂ ജില്ലയിൽ താമസിക്കുന്നവർക്കും ജോലി ചെയ്യുന്നവർക്കും ലൈബ്രറിയിൽ അംഗങ്ങളാകാവുന്നതാണ്. ഗവേഷണം, പഠനം എന്നിവ നടത്തുന്നവർക്ക് ജില്ലാ പരിധി ബാധകമല്ല.

3 **അംഗത്വം**

a) നിയമാവലി 2-ാം വകുപ്പ് പ്രകാരമുള്ള ഏതൊരാൾക്കും അംഗത്വം ലഭിക്കുന്നതാണ്. അതിനായി നിശ്ചിത ഫോറത്തിൽ അപേക്ഷ നൽകേണ്ടതാണ്.
b) അംഗത്വ ഫീസ് 100 രൂപയും പ്രവേശന ഫീസ് 50 രൂപയും ആയിരിക്കും
c) അംഗത്വത്തിന്റെ കാലാവധി 1 വർഷമായിരിക്കും
d) ഓരോ വർഷവും 100 രൂപ അടച്ച് അംഗത്വം പുതുക്കാവുന്നതാണ്.
e) ആജീവനാന്ത അംഗത്വത്തിന് 1000/- രൂപ ഫീസും 50 രൂപ പ്രവേശന ഫീസും ആയിരിക്കും (കാലാവധി g-1 വകുപ്പിനു വിധേയം)
f) അംഗത്വം കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല.
g) 1) അംഗത്വ ഫീസിൽ അധികരിക്കാത്ത തുകയ്ക്കുള്ള പുസ്തകം ഓരോ തവണയും വായനക്കായി ലഭിക്കുന്നതാണ്. കൂടുതൽ തുകയ്ക്കുള്ള പുസ്തകം ആവശ്യമാണെങ്കിൽ താഴെ പറയുന്ന ക്രമത്തിൽ സെക്യൂരിറ്റി അടയ്ക്കേണ്ടതാണ്.

| അംഗത്വ ഫീസ് | പ്രവേശന ഫീസ് | കാലാവധി | | | സെക്യൂരിറ്റി | ഒരു തവണ ലഭിക്കാവുന്ന പുസ്തകങ്ങളുടെ മതിപ്പുവില | ഒരുതവണ ലഭിക്കാവുന്ന പുസ്തകങ്ങളുടെ എണ്ണം |
|---|---|---|---|---|---|---|---|
| | | വ്യക്തിഗത | കുടുംബ | സ്ഥാപനം | | | |
| 100 | 50 | 1 വർഷം | ........ | ........ | ........ | 100 | 1 |
| 100 | 50 | 1 വർഷം | ........ | ........ | 100 | 200 | 2 |
| 100 | 50 | 1 വർഷം | ........ | ........ | 200 | 300 | 3 |
| 100 | 50 | 1 വർഷം | ........ | ........ | 500 | 600 | 4 |
| 100 | 50 | 1 വർഷം | ........ | ........ | 1000 | 1100 | 6 |
| 1000 | 50 | 20 വർഷം | 10 വർഷം | ........ | ........ | 1000 | 6 |
| 1500 | 50 | 40 വർഷം | ........ | ........ | ........ | 1500 | 7 |
| 2000 | 50 | 50 വർഷം | 20 വർഷം | ........ | ........ | 2000 | 8 |
| 3000 | 50 | ........ | 40 വർഷം | ........ | ........ | 3000 | 9 |
| 4000 | 50 | ........ | 50 വർഷം | ........ | ........ | 4000 | 10 |
| 5000 | 50 | ........ | ........ | 50 വർഷം | ........ | 5000 | 10 |

g) (2) വാർഷിക അംഗത്വമുള്ളവരുടെ സെക്യൂരിറ്റി തുക 6 മാസത്തിന് ശേഷം തിരികെ ലഭിക്കുന്നതാണ്. സെക്യൂരിറ്റി തുകയ്ക്ക് പലിശ ലഭിക്കുന്നതല്ല.
h) ആജീവനാന്ത അംഗങ്ങൾക്ക് മെമ്പർഷിപ്പ് തുകയേക്കാൾ വില വരുന്ന പുസ്തകങ്ങൾ എടുക്കേണ്ടി വരുമ്പോൾ കൂടുതലായി വരുന്ന തുക 100-ലോ, 100ന്റെ ഗുണിതങ്ങളിലോ കണക്കാക്കി സെക്യൂരിറ്റിയായി അടച്ച് പുസ്തകങ്ങൾ എടുക്കാവുന്നതാണ്. ടി തുക പുസ്തകം തിരികെ നൽകുമ്പോൾ ആവശ്യമെങ്കിൽ പിൻവലിക്കാവുന്നതാണ്.
i) വായനയ്ക്കായി ലൈബ്രറിയിൽ നിന്നും എടുക്കുന്ന പുസ്തകങ്ങൾ 14 ദിവസത്തിനകം തിരിച്ചേൽപ്പിക്കേണ്ടതാണ്. (ആജീവനാന്ത അംഗങ്ങൾക്ക് 30 ദിവസം) അല്ലാത്ത പക്ഷം കൂടുതലായി വരുന്ന ഓരോ ദിവസത്തിനും പുസ്തകമൊന്നിന് 1/- രൂപ നിരക്കിൽ പിഴ ഈടാക്കുന്നതാണ്.
j) അംഗത്വം എടുക്കുന്നവർക്ക് reference collection, closed reference എന്നീ വിഭാഗങ്ങളൊഴികെ (ഈ വിഭാഗത്തിലുള്ളവ റഫറൻസിന് മാത്രമേ ലഭിക്കുകയുള്ളൂ)മറ്റെല്ലാ പുസ്തകങ്ങളും (G) ഉപവകുപ്പിന് വിധേയമായി വായനയ്ക്കായി കൊണ്ടു പോകാവുന്നതാണ്.
k) അംഗത്വം എടുക്കുന്നവർക്ക് പ്രവർത്തന സമയങ്ങളിൽ ഗവേഷണം നടത്തുന്നതിനും വായന നടത്തുന്നതിനും ലൈബ്രറി ഉപയോഗിക്കാവുന്നതാണ്.
l) പുസ്തകങ്ങൾക്ക് കേടുപാടുകൾ വരുത്തിയാൽ നഷ്ടപരിഹാരം നൽകേണ്ടതാണ്.
m) ഇന്റർനെറ്റ്, കമ്പ്യൂട്ടർ ഗെയിംസ്, തീയേറ്റർ, പാർക്ക് എന്നീ സൗകര്യങ്ങൾ ഉപയോഗിക്കുന്നതിന് അതാതിന്റെ ചട്ടങ്ങൾ പാലിച്ചിരിക്കേണ്ടതാണ്.
n) കുട്ടികൾക്കായി (18 വയസ്സിൽ താഴെ) രക്ഷകർത്താവിന്റെ ശുപാർശയിൽ അംഗത്വം അനുവദിക്കുന്നതാണ്.
o) അംഗത്വം എടുക്കുന്നവർക്ക് മാത്രമേ ലൈബ്രറി ഹാളിലേക്ക് പ്രവേശനം ഉണ്ടായിരിക്കുകയുള്ളൂ. ലൈബ്രറിയിലേക്ക് പ്രവേശിക്കുന്നവർ അംഗത്വം തെളിയിക്കുന്ന രേഖകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് പരിശോധനയ്ക്കായി നൽകേണ്ടതാണ്.
p) അംഗത്വം സംബന്ധിച്ച് ലൈബ്രേറിയന് തീരുമാനം എടുക്കാവുന്നതാണ്. ലൈബ്രേറിയന്റെ തീരുമാനത്തിൽ എന്തെങ്കിലും ആക്ഷേപമുള്ളപക്ഷം അഡ്മിനിസ്ട്രേറ്റർക്കോ ലൈബ്രറി സബ് കമ്മറ്റിക്കോ അപേക്ഷ നൽകാവുന്നതാണ്. സബ്-കമ്മിറ്റി തീരുമാനം അന്തിമമായിരിക്കും.
q) ആജീവനാന്ത അംഗത്വം e.g. ഉപവകുപ്പ് നിബന്ധനകൾക്കനുസരിച്ചായിരിക്കും.
r) സ്ഥാപനങ്ങളുടെ അംഗത്വ ഫീസ് 5000/- രൂപയും 50 രൂപ പ്രവേശനഫീസും ആയിരിക്കും. ടി സ്ഥാപനത്തിന്റെ കാർഡുമായി വരുന്ന ഏതൊരു വ്യക്തിക്കും 5,000/- രൂപയുടെ മെമ്പർഷിപ്പ് വ്യവസ്ഥകൾക്ക് വിധേയമായി പുസ്തകം എടുക്കാവുന്നതാണ്
s) വാർഷിക അംഗത്തിന് ആജീവനാന്ത അംഗമാകുന്നതിന് 6 മാസ കാലാവധി അനുവദിക്കുന്നതാണ്.
t) എറണാകുളം ജില്ലക്ക് പുറത്തുനിന്നുള്ള ആളുകൾക്ക് അംഗത്വം എടുക്കുന്നതിന്, അംഗത്വ ഫീസും സെക്യൂരിറ്റി തുകയും 50% വർദ്ധിപ്പിച്ച് നൽകേണ്ടതാണ്.
u) അംഗത്വത്തിനു തിരിച്ചറിയൽ രേഖ നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

4 **അംഗത്വം അവസാനിപ്പിക്കൽ**

a) ഓരോ വർഷവും നിശ്ചിത സംഖ്യ അടച്ച് അംഗത്വം പുതുക്കാത്ത പക്ഷം അംഗത്വം നഷ്ടപ്പെടുന്നതാണ്.
b) ഇടയ്ക്കുവെച്ച് (കാലാവധി തീരുന്നതിനു മുമ്പ്) അംഗത്വം അവസാനിപ്പിക്കുകയാണെങ്കിൽ, അംഗത്വ ഫീസ് ഒഴികെയുള്ള തുക (സെക്യൂരിറ്റി തുക) അപ്പോൾ തന്നെ തിരികെ ലഭിക്കുന്നതാണ്. അംഗത്വ ഫീസ് തിരികെ ലഭിക്കുന്നതല്ല.
c) ലൈബ്രറിയുടെ താല്പര്യങ്ങൾക്കും, ചട്ടങ്ങൾക്കും വിരുദ്ധമായി പ്രവർത്തിക്കുന്ന അംഗത്തിന്റെ അംഗത്വം റദ്ദ് ചെയ്യുന്നതിന് സബ് കമ്മിറ്റിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

5. **പ്രവർത്തനസമയം**

a) **ലൈബ്രറി പ്രവർത്തന സമയം ഉച്ചയ്ക്ക് 1 മണി മുതൽ വൈകുന്നേരം 7 മണി വരെയായിരിക്കും. ഞായറാഴ്ച രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെ.**
b) പൊതുഅവധി ദിവസങ്ങൾ (Public Holidays) ലൈബ്രറി അവധിയായിരിക്കും

(ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനും കൂട്ടിച്ചേർക്കുന്നതിനും ബാങ്ക് ഭരണസമിതിക്ക് പൂർണ്ണ അവകാശവും അധികാരവും ഉണ്ടായിരിക്കുന്നതാണ്.

ചെയർമാൻ

ഇ.എം.എസ്. സഹകരണ ലൈബ്രറി